## കേരള സർക്കാർ

### സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ്—M/s കേരള സംസ്ഥാന ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, എച്ച്. 232 (HANTEX) നിർമ്മിത തുണിത്തരങ്ങൾ ക്വട്ടേഷൻ/ടെണ്ടർ കൂടാതെ നേരിട്ട് വിപണനം നടത്തുന്നത്—സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് —ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്

സ. ഉ. (സാധാ.) നമ്പർ 78/2023/SPD. *തിരുവനന്തപുരം, 2023 ആഗസ്റ്റ് 1.*

---

പരാമർശം:—1. 1-6-2005-ലെ സ. ഉ. (സാധാ.) നമ്പർ 25/2005/SPD.

2. 3-11-2021-ലെ സ. ഉ. (സാധാ.) നമ്പർ 32/2021/SPD.

3. 29-1-2023-ലെ കൈത്തറി ടെക്സ്റ്റൈയിൽസ് ഡയറക്ടറുടെ HL/927/2021-C1 നമ്പർ കത്ത്.

### ഉത്തരവ്

സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമായി വരുന്ന തുണിത്തരങ്ങൾ M/s Hantex & M/s Hanveev-ൽ നിന്നും ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിന്റെ 57(എ)(i) ഖണ്ഡികയിൽ ഒരു വർഷത്തേക്ക് ഇളവുനൽകി (പുതുക്കിയ മാന്വലിന്റെ ഖണ്ഡിക 9.23) പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത ഇളവുകളുടെ സാധുത യഥാസമയം നീട്ടി നൽകിയിരുന്നു. ഇപ്രകാരം ഏറ്റവും ഒടുവിൽ പരാമർശം 2 പ്രകാരം കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (Hantex)-ന് ടെണ്ടർ ഇളവ് അനുവദിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ സാധുത 2-11-2022-ന് അവസാനിച്ചിരുന്നു.

2. പ്രസ്തുത ടെണ്ടർ ഇളവ് കാലാവധി 2 വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് കൈത്തറി ഡയറക്ടർ പരാമർശം 3 മുഖേന അപേക്ഷിച്ചിരിക്കുന്നു.

3/1593/2023/150/S-16.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹാന്റക്സിന്റെ ഗുണനിലവാര സർട്ടിഫിക്കേഷനുള്ള തനത് തുണിത്തരങ്ങൾ പൊതുവിപണിയിലെ നിരക്കിനേക്കാൾ അധികരിക്കാതെ, വിവിധ സർക്കാർ വകുപ്പുകൾ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ കൂടാതെ നേരിട്ട് വില്പന നടത്തുന്നതിന് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പ്രമോദ്, വി. ആർ.,
*ജോയിന്റ് സെക്രട്ടറി.*

എല്ലാ വകുപ്പ് തലവൻമാർ/ഓഫീസുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വാശ്രയ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ (എല്ലാ ബ്ളോക്ക് പഞ്ചായത്തുകളെയും അറിയിക്കുന്നതിന്).

എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളെയും വിവരം അറിയിക്കുന്നതിന്)

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/എറണാകുളം/ കോഴിക്കോട്.

മാനേജിംഗ് ഡയറക്ടർ, M/s ഹാന്റക്സ്, പി. ബി. നമ്പർ 64, ഊറ്റുകുഴി, തിരുവനന്തപുരം-695 001.

വ്യവസായ (സി) വകുപ്പ് (IND-C1/239/2021-IND നമ്പർ ഫയൽ പ്രകാരം)

സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്സ്, എസ്. എം. എസ്. എം. ഇൻസ്റ്റിറ്റ്യൂട്ടിന് പുറകുവശം, സ്റ്റാച്യൂ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്).

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് മുഖേന).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.